# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ വികസനക്ഷേമ പദ്ധതി</u>

850 ശ്രീ. എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ.പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ വികസനക്ഷേമ പ്രവർത്തനത്തിനുളള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഇവയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഈ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ആദ്യഘട്ടത്തിൽ ഈ പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിഭാഗത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്താന്‍ 'നൂറ് ദിന' കര്‍മ്മ പരിപാടിയില്‍ ഉള്‍പ്പെട്ട പദ്ധതികള്‍</u>

851 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ ജനവിഭാഗത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സര്‍ക്കാരിന്റെ നൂറ് ദിവസത്തെ കര്‍മ്മ പരിപാടിയില്‍ ഉള്‍പ്പെടുത്തിയിരുന്ന പദ്ധതികളുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതികള്‍ക്കുവേണ്ടി നീക്കിവച്ചിരുന്ന തുകയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) ഈ പദ്ധതികള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ടെങ്കില്‍ അതിന്റെ വിശദാംശങ്ങളും ആയതിലേയ്ക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>'സമ്പൂർണ്ണ ചികിത്സാ പദ്ധതി' വഴി ആദിവാസികൾക്ക് സൗജന്യ ചികിത്സ</u>

852 ശ്രീ. എസ്. ശർമ്മ
'' സാജു പോൾ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ആദിവാസി വിഭാഗങ്ങൾക്കായി പത്തു കോടി ചെലവിൽ ഏർപ്പെടുത്തിയ 'സമ്പൂർണ്ണ ചികിത്സാ പദ്ധതി' ഇപ്പോൾ തുടരുന്നുണ്ടോ; ഇപ്രകാരം എത്ര ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭിച്ചിട്ടുണ്ട് ; ഇതിനായി ചെലവഴിച്ച തുക എത്ര;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് 2011 ജൂൺ മാസം 30 -ന് നീക്കിയിരിപ്പുണ്ടായ തുക എത്ര;

(സി) ഈ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ഇതിനായി തുക നീക്കിവെച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ടവര്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍</u>

853 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പട്ടികവര്‍ഗ്ഗവിഭാഗത്തില്‍പ്പെട്ടവര്‍ക്കെതിരെ വര്‍ദ്ധിച്ചുവരുന്ന അതിക്രമങ്ങള്‍ തടയാന്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ്;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്കെതിരെയുള്ള പീഡനങ്ങളുടെയും അതിക്രമങ്ങളുടെയും പേരില്‍ എത്ര കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(സി) പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍ക്കെതിരെ നിയമാനുസരണ നടപടികള്‍ ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ സ്വീകരിക്കാതിരിക്കുന്നതായുള്ള പരാതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ അവ പരിഹരിക്കാന്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വികസന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടി</u>

854 ശ്രീ. റ്റി.യു. കുരുവിള
'' മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കുള്ള വികസനഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പട്ടികവര്‍ഗ്ഗ വികസന ഫണ്ട് വിനിയോഗിക്കുന്നതില്‍ ഉണ്ടായിട്ടുള്ള പുരോഗതിയും, ഏതെല്ലാം കാര്യങ്ങള്‍ക്കാണ് വിനിയോഗിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ;

(സി) സര്‍ക്കാരിന്റെ കാലത്ത് വികസന ഫണ്ട് വിനിയോഗം എത്ര ശതമാനമായിരുന്നുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ ലഭിച്ച ജോലിയുടെ വിശദാംശം</u>

855

ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലർഹിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ടവർ തൊഴിൽരഹിതരായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സർക്കാർ സർവ്വീസിൽ ജോലി ലഭിച്ച എത്ര പട്ടികവർഗ്ഗക്കാരുണ്ടെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ പത്തുകൊല്ലം കൊണ്ട് എത്ര പേർക്ക് സർക്കാർ ജോലി ലഭിച്ചുവെന്നും ഏതൊക്കെ തസ്തികകളിൽ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ തൊഴിലുറപ്പ് പദ്ധതി</u>

856 ശ്രീ. എ. കെ. ബാലൻ
'' കെ. വി. വിജയദാസ്
'' രാജു എബ്രഹാം
'' ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം അട്ടപ്പാടി മേഖലയിലെ മൂന്ന് പഞ്ചായത്തുകളിൽ പുതിയ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ലെന്ന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമവികസന വകുപ്പുമായി ചേർന്ന് തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായുള്ള തൊഴിൽ പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കാനാവശ്യമായ പദ്ധതി കാലതാമസം കൂടാതെ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ആദിവാസികൾക്കും പട്ടികവർഗ്ഗക്കാർക്കും ഭൂമി വിതരണം ചെയ്യാൻ നടപടി

857 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഇതിനോടകം എത്ര ആദിവാസികൾക്ക് ഭൂമി നൽകി; എവിടെയെല്ലാം;

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പുതുതായി ഏതെങ്കിലും പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

ആദിവാസി ഊരുകളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതിന് മുൻകരുതൽ നടപടി

858 ശ്രീ. എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ
,, എസ്. രാജേന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ കോളറ ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾ പടർന്നു പിടിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർഷകാലത്ത് എത്ര ആദിവാസികൾ മരണപ്പെടുകയുണ്ടായി;

(ബി) വർഷകാലം ആരംഭിക്കുന്നതിന് മുമ്പായി രോഗങ്ങൾ പടരാതിരിക്കാൻ ആദിവാസി ഊരുകളിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം അന്വേഷിക്കുകയുണ്ടായോ?

# കേരള നിയമസഭ

## 28.09.2011-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാരുടെ പെൻഷൻ</u>

T 859 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അവിവാഹിതരായ ആദിവാസി അമ്മമാരുടെ വർദ്ധിപ്പിച്ച പെൻഷൻ ആർക്കെങ്കിലും നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ചിതറ, മടത്തറ എന്നീ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഹോസ്റ്റൽ നിർമ്മിക്കാൻ നടപടി</u>

860

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിന്റെ ഭാഗവും കൊല്ലം ജില്ലയിൽപ്പെടുന്നതുമായ ചിതറ, മടത്തറ തുടങ്ങിയ പ്രദേശങ്ങളിൽ നിരവധി ദരിദ്രരായ പട്ടികവർഗ്ഗ വിഭാഗക്കാരുള്ളതിനാൽ ഇവരുടെ കുട്ടികൾക്ക് പ്രയോജനപ്പെടുന്നതിനുവേണ്ടി ഒരു പട്ടികവർഗ്ഗ ഹോസ്റ്റൽ സ്ഥാപിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനു വേണ്ടി ചിതറ ഗ്രാമപഞ്ചായത്തതിർത്തിയിൽ ഒരു പട്ടികവർഗ്ഗ ഹോസ്റ്റൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

ഐ.ടി.ഡി.പി പ്രോജക്ട് പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ കൊണ്ടുവരാൻ നടപടി

861 ശ്രീ. എ. കെ. ബാലൻ
,, വി. ചെന്താമരാക്ഷൻ
,, ബാബു എം. പാലിശ്ശേരി
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർ, ഗ്രാമവികസന വകുപ്പിന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നതെന്നറിയാമോ ;

(ബി) എങ്കിൽ പട്ടികവർഗ്ഗ വികസനത്തിനുള്ള ഫണ്ട് വിനിയോഗത്തിന് ഇത് തടസ്സമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അട്ടപ്പാടിയിലെ ഐ.ടി.ഡി.പി. പ്രോജക്ട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

പരിയാരം മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയ ചികിൽസാ പദ്ധതിയിലെ അപാകതകൾ

862 ശ്രീ.ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ ;

(ബി) ഇങ്ങിനെ ആനുകൂല്യം ലഭിക്കുന്നതിനായി പരിയാരം മെഡിക്കൽ കോളേജിനുമാത്രം ബാധകമാക്കികൊണ്ട് 6 നിബന്ധനകൾ ഉൾക്കൊള്ളുന്ന സി2/9299/11-ാം നമ്പർ സർക്കുലർ 29.7.2011-ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പുറത്തിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇങ്ങിനെയൊരു സർക്കുലർ പുറപ്പെടുവിക്കുന്നതിനാധാരമായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ ;

(ഡി) അപ്രായോഗികമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് മതിയായ പരിശോധനയും പഠനവും നടത്തിയിട്ടാണോ ;

(ഇ) ആധുനിക ചികിത്സാ രീതി ആവശ്യമായതും അടിയന്തിരവുമായ സന്ദർഭങ്ങളിൽ മഞ്ചേശ്വരം വരെയുള്ള ഭാഗങ്ങളിൽ നിന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ നിന്നുള്ള റഫറൻസ് കൊണ്ടുവരണമെന്ന നിബന്ധന ഉണ്ടാക്കാവുന്ന ബുദ്ധിമുട്ടുകളും പ്രത്യാഘാതങ്ങളും മനസ്സിലാക്കിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ മതിയായ പരിശോധന നടത്തി പ്രസ്തുത സർക്കുലർ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) പട്ടികവർഗ്ഗ വിഭാഗത്തിന് നീതി നിഷേധിക്കുന്ന ഇത്തരം നടപടികൾ ഇനിയും സ്വീകരിക്കാതിരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>ആനപ്പാന്തം ആദിവാസികോളനിയിലെ വീട് നിർമ്മാണം</u>

863 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ആനപ്പാന്തം ആദിവാസി കോളനിയിൽ പട്ടയം കൊടുത്തതിന് ശേഷം വീട് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ വീട് നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) തടസ്സം ഉണ്ടെങ്കിൽ അത് പരിഹരിച്ച് വീട് നിർമ്മാണം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

കരിമ്പ, തച്ചമ്പാറ ഗ്രാമപഞ്ചായത്തുകളിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുനൽകാൻ നടപടി

864 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കരിമ്പ ഗ്രാമപഞ്ചായത്തിൽ ആറു കോളനികളിലായി പട്ടികവർഗ്ഗത്തിൽപ്പെട്ട 64 കുടുംബങ്ങളിൽ, 30 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലെന്നുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കുടുംബങ്ങൾക്ക് വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ 5 കോളനികളിലായി മുഡുക വിഭാഗത്തിൽപ്പെട്ട 28 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് വീടുവച്ച് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ആദിവാസി ഭവന പദ്ധതി പൂർത്തിയാക്കാൻ നടപടി</u>

865 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) വിവിധ വകുപ്പുകളുടെ കീഴിലുള്ള ആദിവാസി ഭവന നിർമ്മാണ പദ്ധതികളിൽ പണി പൂർത്തിയാകാത്ത എത്ര ഭവനങ്ങളാണ് കൽപ്പറ്റ നിയോജക മണ്ഡലത്തിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വീട് പണിയിൽ നിന്ന് കരാറുകാരെ ഒഴിവാക്കി സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മറാഠി സമുദായത്തെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍ ഉള്‍പ്പെടുത്താന്‍ നടപടി</u>

866 ശ്രീ. കെ. കുഞ്ഞിരാമന്‍(തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കാസര്‍ഗോഡ് ജില്ലയിലെ മറാഠി സമുദായത്തെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍ നിലനിര്‍ത്തുന്നതിന് വേണ്ടി വര്‍ഷങ്ങളായി നടക്കുന്ന നടപടികള്‍ ഇപ്പോള്‍ ഏതു ഘട്ടത്തിലാണ്; ഇവരെ പട്ടികവര്‍ഗ്ഗവിഭാഗത്തില്‍ ഉള്‍പ്പെടുത്തുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>യുവജനങ്ങൾക്കായി രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്പ്മെന്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

867 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ യുവജനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്പ്മെന്റിന്റെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, ഘടന, പ്രവർത്തന രീതി എന്നിവ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

## 28.09.2011-ലെ മറുപടിക്ക്

<u>യുവജനക്ഷേമപദ്ധതികൾ</u>

868 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമവകുപ്പ് സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികൾ എന്തെല്ലാം;

(ബി) യുവജനക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ജോബ് ഫെസ്റ്റിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നതിന് അവസരം ലഭിച്ചു;

(സി) പുതിയ യുവജനനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) യുവജനങ്ങളുടെ ക്ഷേമത്തിനാവശ്യമായ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

യുവജന നയം

869 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) യുവജന നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>ജോബ് ഫെസ്റ്റ്</u>

870 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗക്കാർക്കായി 'ജോബ്ഫെസ്റ്റ്' സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 28.09.2011-ലെ മറുപടിക്ക്

<u>മ്യൂസിയം മൃഗശാല വികസന പദ്ധതി</u>

871 ശ്രീ. എം. എ ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറ് ദിന കർമ്മപദ്ധതികളുടെ ഭാഗമായി 31.8.2011-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട മ്യൂസിയം-മൃഗശാല വികസന പദ്ധതി നടപ്പിലാക്കുന്നതിന് ചെലവായ മൊത്തം തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 31.8.2011 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയായിരുന്നു; ഓരോ പദ്ധതിയ്ക്കും ഭരണാനുമതി നൽകിയത് എന്ന്; ടെണ്ടർ വിളിച്ചത് എന്ന്; പണി പൂർത്തീകരിച്ചത് എന്ന്; ചെലവായ തുക എത്ര;

(സി) ഉദ്ഘാടന പരിപാടി സംഘടിപ്പിക്കുന്നതിന് ചെലവായ മൊത്തം തുക എത്ര; ഉദ്ഘാടന പരിപാടിയിൽ ആരൊക്കെ പങ്കെടുത്തു;

(ഡി) പരിപാടി സംബന്ധിച്ച് 31.8.11 ൽ ദിനപത്രങ്ങളിൽ വന്ന പരസ്യങ്ങൾക്ക്, മ്യൂസിയം-മൃഗശാല വകുപ്പിനും, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിനും എത്ര തുക ചെലവായി ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

കേന്ദ്ര വന്യജീവി നിയമത്തിന്റെ അംഗീകാരം ലഭിക്കാത്ത മൃഗശാലകൾ

872

ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര മൃഗശാലകൾ നിലവിലുണ്ട്; ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) കേന്ദ്ര വന്യജീവി നിയമത്തിന്റെ അംഗീകാരം ലഭിക്കാത്ത മൃഗശാലകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 28.09.2011-ലെ മറുപടിക്ക്

<u>വടശ്ശേരിക്കരയിൽ സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നടപടി</u>

873 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി വടശ്ശേരിക്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവർത്തിച്ചുവരുന്നത് ഉപയോഗയോഗ്യമല്ലാത്ത കെട്ടിടത്തിലാണ് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പകരം കെട്ടിടം നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടും, കെട്ടിടനിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഈ അവസ്ഥയ്ക്ക് കാരണക്കാരായവരെ കണ്ടെത്തി അവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 സെപ്റ്റംബർ 19.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.